# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 243 — 09/07/2015 -ൽ മറുപടിക്ക്

## മലയാള ഭാഷ പഠിപ്പിക്കാത്ത സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം.പി.വിൻസെന്റ് | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് മലയാളഭാഷ പഠിപ്പിക്കാത്ത സ്കൂളുകൾ നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ ; | (എ) ഉണ്ട്. 01.09.2011 -ലെ സ.ഉ(പി) നം.183/2011/പൊ.വി പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയ്ഡഡ്/ അൺ എയ്ഡഡ്/ സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകളിലും കേന്ദ്രീയ വിദ്യാലയങ്ങളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുള്ളതാണ്. എന്നാൽ സംസ്ഥാന സിലബസിലുള്ള വിദ്യാലയങ്ങൾ ഒഴികെയുള്ള സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ വിദ്യാലയങ്ങൾ, കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവ ഈ ഉത്തരവ് നടപ്പിലാക്കുവാൻ വിമുഖത കാണിക്കുന്നുണ്ട്. |
| (ബി) സർക്കാരിതര സിലബസ് പഠിപ്പിക്കുന്ന സ്കൂളുകളിൽ മാതൃഭാഷ നിർബന്ധമാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ബി) ബഹു. ഹൈക്കോടതിയുടെ 14.09.12 -ലെ WP(C)No.2435 (ഡി) ഉത്തരവിൽ, ഐ.സി.എസ്.ഇ/ സി.ബി.എസ്.ഇ സ്കൂളുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവയുടെ പാഠ്യപദ്ധതി തയ്യാറാക്കുന്നത് എൻ.സി.ഇ.ആർ.റ്റി ആകയാൽ ഈ |

(.........2)

സ്ഥാപനങ്ങളുടെ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുവാൻ സംസ്ഥാന സർക്കാരിന് അധികാരമില്ലെന്ന് പരാമർശിച്ചിരിക്കുന്നതിനാൽ മലയാള ഭാഷാപഠനത്തിന് ഇത്തരം സ്ഥാപനങ്ങളിൽ ചില സാങ്കേതിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

**(സി)** സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകളിൽ ഒന്നാം ക്ലാസ് മുതൽ മലയാള ഭാഷ നിർബന്ധമായി പഠിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

**(സി)** സംസ്ഥാനത്തെ സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളുകൾ ഉൾപ്പെടെ എല്ലാ സ്കൂളുകളിലും മലയാള ഭാഷാപഠനം 10-ാം ക്ലാസുവരെ നിർബന്ധമാക്കി സ.ഉ (പി)നം.183/2011/പൊ.വി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം സ്ഥാപന മേധാവികളുടെ ഒരു യോഗം 10.05.2012 -ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറി വിളിച്ചുചേർത്ത് മലയാള ഭാഷാ പഠനം നിർബന്ധമാക്കാനുള്ള കർശന നിർദ്ദേശം നൽകിയിരുന്നു.

Sindhu

**സെക്ഷൻ ഓഫീസർ**

# കേരള സർക്കാർ

## സംഗ്രഹം

പൊതു വിദ്യാഭ്യാസം - ഒന്നാം ഭാഷ മലയാളം - സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്

സ. ഉ. (പി) നമ്പർ 183/2011/പൊ.വി. തിരുവനന്തപുരം, 2011 സെപ്റ്റംബർ 1.

---

പരാമർശം : - 1. സ. ഉ. (എംഎസ്.) നമ്പർ 103/11/പൊ.വി. തീയതി 6-5-2011.

2. സ. ഉ. (എംഎസ്.) നമ്പർ 148/11/പൊ.വി. തീയതി 27-6-2011.

3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 11-7-2011-ലെ എച്ച്(3)/28324/11/ഡി.പി.ഐ. നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കിക്കൊണ്ട് പരാമർശം 1 പ്രകാരവും, പത്താം ക്ലാസ്സുവരെ മലയാളം ഒന്നാം ഭാഷയാക്കിക്കൊണ്ട് പരാമർശം 2 പ്രകാരവും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ ഉത്തരവുകളെ സംബന്ധിച്ച് ചില പരാതികൾ ലഭിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശത്തിലെ സർക്കാർ ഉത്തരവുകൾ ഭേദഗതി ചെയ്ത് സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

**പൊതുവായത്**

1. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പത്താം ക്ലാസ്സുവരെ മലയാളം നിർബന്ധ ഭാഷയായിരിക്കും.

2. കന്നട, തമിഴ്, ഗുജറാത്തി എന്നിവ മാതൃഭാഷയായുള്ള കുട്ടികൾക്ക് അവരുടെ മാതൃഭാഷ ഒന്നാം ഭാഷയായി തന്നെ പഠിക്കുവാൻ നിലവിലുള്ള സംവിധാനം തുടരുന്നതാണ്. എന്നാൽ അവർക്ക് നിലവിലുള്ള ഭാഷയ്ക്കുപുറമെ മലയാളം കൂടി പഠിക്കാൻ സാഹചര്യം ഒരുക്കുന്നതാണ്.

GCPT. 3/1634/2015/DTP.

3. അറബി, സംസ്കൃതം ഓറിയന്റൽ സ്കൂളുകളിലും ഒന്നാം ഭാഷ പാർട്ട് രണ്ടിൽ മലയാളം കൂടി പഠിപ്പിക്കും. പാർട്ട് രണ്ടിൽ രണ്ട് പേപ്പറുകളായിരിക്കും. പേപ്പർ ഒന്ന് അറബി/സംസ്കൃതം, പേപ്പർ രണ്ട് മലയാളം.

4. എല്ലാ വിഭാഗം സ്കൂളുകളിലും ഒന്നാം ഭാഷ പാർട്ട് രണ്ടിൽ സ്പെഷ്യൽ ഇംഗ്ലീഷ് ഘട്ടംഘട്ടമായി ഒഴിവാക്കുന്നതാണ്. (ഗൾഫിലെയും ലക്ഷദ്വീപിലെയും സ്കൂളുകൾ ഒഴിച്ച് അവിടെ ഇപ്പോഴത്തെ സ്ഥിതി തുടരുന്നതാണ്).

5. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ., മറ്റു ബോർഡുകൾ എന്നിവയുടെ നിയന്ത്രണത്തിലുള്ള എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധ വിഷയമായി പഠിപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇത്തരം സ്കൂളുകൾക്ക് നൽകുന്ന അംഗീകാര സർട്ടിഫിക്കറ്റിൽ ഇതൊരു വ്യവസ്ഥയായി നിഷ്കർഷിക്കുന്നതാണ്.

6. ഫിഷറീസ് സ്കൂളുകളിൽ പാർട്ട് ഒന്ന് വിഭാഗത്തിൽ മലയാളം ഒന്നാം ഭാഷയായി പഠിക്കുന്നതിനാൽ തൽസ്ഥിതി തുടരുന്നതാണ്.

7. വൊക്കേഷണൽ ഹയർ സെക്കൻഡറി തലത്തിൽ നിലവിൽ ഇംഗ്ലീഷ് മാത്രമാണ് ഭാഷ എന്ന നിലയിൽ പഠിക്കാൻ അവസരമുള്ളത്. പകരം മലയാളംകൂടി പഠിക്കാൻ അവസരം ലഭ്യമാവുംവിധം നടപടിക്രമങ്ങൾ രൂപപ്പെടുത്തി ഒരു മാസത്തിനകം റിപ്പോർട്ട് നൽകാൻ വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

8. ഹയർ സെക്കൻഡറി വിദ്യാലയങ്ങളിൽ മലയാളം ഒന്നാം ഭാഷയാക്കുന്നതും ദേശീയ ഭാഷയായ ഹിന്ദി, മറ്റു ഭാഷകളായ അറബി, ഉറുദു, സംസ്കൃതം തുടങ്ങിയവയുടെയും പ്രാധാന്യം ഉൾക്കൊണ്ടും പ്രായോഗിക നിർദ്ദേശങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് സമർപ്പിക്കാൻ ഹയർ സെക്കൻഡറി ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

**പാഠപുസ്തകം**

9. അഞ്ചു മുതൽ പത്തു വരെ ക്ലാസ്സുകളിലേക്ക് പാർട്ട് രണ്ടായി എസ്.സി.ഇ. ആർ.ടി. തയ്യാറാക്കിയ നിലവിലുള്ള മലയാളം പാഠാവലികൾ തന്നെ പാഠപുസ്തകമായി ഉപയോഗിക്കാമോയെന്ന കാര്യവും വരും വർഷങ്ങളിലേക്ക് പുതിയ പുസ്തകങ്ങൾ രൂപപ്പെടുത്തുന്ന കാര്യവും എസ്.സി.ഇ.ആർ.ടി.-യുടെ കരിക്കുലം കമ്മിറ്റി പരിശോധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്.

10. മലയാളം പഠിപ്പിക്കാത്ത സ്കൂളുകളിലെ എൽ. പി. വിഭാഗത്തിലും പ്രത്യേകം തയ്യാറാക്കിയ മലയാള പാഠപുസ്തകം ഏർപ്പെടുത്തുന്നതും പ്രത്യേക ചോദ്യ പേപ്പറിന്റെ അടിസ്ഥാനത്തിൽ പരീക്ഷ നടത്തുന്നതുമാണ്. ഇങ്ങനെ പ്രത്യേക മായി പഠിപ്പിക്കേണ്ട മലയാളം പുസ്തകങ്ങൾ എസ്. സി. ഇ. ആർ. ടി.-യുടെ നേതൃത്വത്തിൽ തയ്യാറാക്കി നൽകുന്നതാണ്.

11. സംസ്ഥാനത്തിനു പുറത്തുനിന്നും ഇവിടുത്തെ വിദ്യാലയങ്ങളിൽ ചേരുന്ന കുട്ടികളും ഒന്നാം ഭാഷയായി മലയാളം തന്നെ പഠിക്കേണ്ടതാണ്. എട്ടാം ക്ലാസ്സുകളിലേക്ക് എസ്. സി. ഇ. ആർ. ടി. തയ്യാറാക്കിയ പ്രത്യേക മലയാള പാഠപുസ്തകം ഈ വർഷം തന്നെ ലഭ്യമാക്കും.

**പീരിയഡുകളുടെ പുനഃക്രമീകരണം, പരീക്ഷ**

12. മലയാളം പാർട്ട് രണ്ട് പാഠാവലി കൂടുതൽ ഫലപ്രദമായി പഠിക്കുന്നതിന് ആഴ്ചയിൽ രണ്ടിന് പകരം മൂന്ന് പീരിയഡുകൾ നീക്കി വെയ്ക്കുന്നതാണ്. അതിനായി വെള്ളിയാഴ്ച ദിവസം ടൈംടേബിൾ 8 പീരിയഡായി പുനഃക്രമീകരിച്ച് ഒരു അധിക പീരിയഡ് കണ്ടെത്തുന്നതാണ്. അന്നേദിവസം ഉച്ചവരെ 40 മിനിട്ടിന്റെ 4 പീരിയഡുകളും ഉച്ചയ്ക്കുശേഷം 35 മിനിട്ടിന്റെ 4 പീരിയഡുകളുമായി പഠന സമയം പുനഃക്രമീകരിക്കേണ്ടതാണ്.

13. അറബി, സംസ്കൃതം ഓറിയന്റൽ സ്കൂളുകളിൽ ഇപ്പോൾ പഠിപ്പിക്കുന്നതു പോലെ ഒന്നാം ഭാഷ പാർട്ട് ഒന്ന് അതേപ്രകാരം തുടരുന്നതാണ്. പാർട്ട് രണ്ട്, രണ്ട് പേപ്പറുകളായിരിക്കും. പാർട്ട് രണ്ടിൽ ഒന്നാം പേപ്പർ ഇപ്പോഴുള്ള പാർട്ട് രണ്ടും രണ്ടാം പേപ്പർ മലയാളവും ആയിരിക്കും. പാർട്ട് ഒന്ന് 40+10 (TE+CE) മാർക്കിന്റെ പരീക്ഷയും പാർട്ട് രണ്ടിൽ ഓരോ പേപ്പറും 20+5 (TE+CE) വീതവുമായിരിക്കും. ഈ സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിന് മൂന്ന് പീരിയഡുകൾ അധികമായി കണ്ടെത്തണം. ഇതിനായി ചൊവ്വ, ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിൽ ടൈംടേബിൾ 8 പീരിയഡായി പുനഃക്രമീകരിച്ച് ദിവസം ഒന്ന് വീതം മൂന്ന് പീരിയഡുകൾ മാറ്റിവയ്ക്കണം. ഈ ദിവസങ്ങളിൽ ഉച്ചവരെ 40 മിനിറ്റിന്റെ 4 പീരിയഡുകളും ഉച്ചയ്ക്കുശേഷം 35 മിനിറ്റിന്റെ 4 പീരിയഡുകളുമായി പഠന സമയം ക്രമീകരിക്കുന്നതാണ്. ഈ ക്രമീകരണം നടത്തി എന്ന് ഡി. ഇ. ഒ./എ. ഇ. ഒ.-മാർ ഉറപ്പാക്കേണ്ടതാണ്.

**അദ്ധ്യാപകരുടെ ക്രമീകരണം**

14. ഓരോ സ്കൂളിലും പാർട്ട് രണ്ട് മലയാളം പഠിപ്പിക്കുന്നതിന് അധികമായി കണ്ടെത്തുന്ന മലയാളം പീരിയഡുകൾ സ്റ്റാഫ് ഫിക്സേഷന് പരിഗണിക്കുന്നതല്ല. എന്നാൽ, മലയാളം അധ്യാപകരുടെ പരമാവധി പീരിയഡ് കഴിഞ്ഞും അധികം വരുന്ന പീരിയഡുകൾ ഉണ്ടെങ്കിൽ അവിടെ ടീച്ചേഴ്സ് ബാങ്ക്/പ്രൊട്ടക്റ്റഡ് ടീച്ചേഴ്സ്/ദിവസവേതന അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ഈ ഉത്തരവ് നടപ്പാക്കുന്നതുമൂലം ഏതെങ്കിലും അദ്ധ്യാപക തസ്തിക നഷ്ടപ്പെടാൻ സാധ്യതയുണ്ടെങ്കിൽ ആയത് അധിക തസ്തികയായി പരിഗണിച്ച് നിലനിർത്തുന്നതാണ്. ഇതിനു ആവശ്യമായ നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഒരു മാസത്തിനകം നൽകേണ്ടതാണ്. ഈ കാലയളവിൽ പ്രസ്തുത അദ്ധ്യാപകരുടെ ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യ വിതരണത്തിന് യാതൊരു തടസ്സവുമില്ലാതിരിക്കാനും പൊതു വിദ്യാഭ്യാസ ഡയറക്ടർ പ്രത്യേക ക്രമീകരണം നടത്തേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എം. ശിവശങ്കർ,

*സെക്രട്ടറി.*

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും } പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) (എ & ഇ) കേരള, തിരുവനന്തപുരം.

സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം.

ഡയറക്ടർ, എസ്. സി. ഇ. ആർ. ടി., തിരുവനന്തപുരം.

ഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസം, തിരുവനന്തപുരം.

ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം, തിരുവനന്തപുരം.

പൊ.ഭ. (എസ്സി) വകുപ്പ് (ഇനം നമ്പർ 42 തീയതി 1-6-2011 പ്രകാരം).

ഡയറക്ടർ, ഐടി @ സ്ക്കൂൾ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി).

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും/ഓഫീസർമാർക്കും.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

Sindhe